# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22-05-2024**

## പ്രധാനവാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു.**
2. **തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ജനങ്ങൾക്കിടയിൽ സ്പർദ്ധയുണ്ടാക്കുന്ന തരം പ്രസ്താവനകൾ ഒഴിവാക്കണമെന്ന് കോൺഗ്രസിനോടും, ബിജെപിയോടും നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
3. **സംസ്ഥാനത്ത് അതിശക്തമായ മഴ തുടരും. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത. കേരളാ തീരത്ത് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്.**
4. **പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തല കൺട്രോൾ റൂം ആരംഭിച്ച് ആരോഗ്യ വകുപ്പ്.**
5. **സംസ്ഥാനത്ത് ജൂൺ 10 മുതൽ ജൂലൈ 31 വരെ, 52 ദിവസത്തെ ട്രോളിംഗ് നിരോധനമേർപ്പെടുത്തും.**
6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.**

*****************************************

RNU TVPM

## ലോക് സഭാ തിരഞ്ഞെടുപ്പ് – പ്രചാരണം

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു.

ആറാംഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം നാളെ അവസാനിക്കും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലും, പശ്ചിമ ഡൽഹിയിലും പൊതുസമ്മേളനങ്ങളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് ഹരിയാനയിൽ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. ആറാം ഘട്ട വോട്ടെടുപ്പ് ശനിയാഴ്ചയും, അവസാനഘട്ട വോട്ടെടുപ്പ് ജൂൺ ഒന്നിനുമാണ്. ഏഴ് ഘട്ടങ്ങളിലെയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

RNUTVPM

***************************************

## തിരഞ്ഞെടുപ്പ് കമ്മീഷൻ- കോൺഗ്രസ് ബിജെപി

തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ജനങ്ങൾക്കിടയിൽ സ്പർദ്ധയുണ്ടാക്കുന്ന തരം പ്രസ്താവനകൾ ഒഴിവാക്കണമെന്ന് കോൺഗ്രസിനോടും, ബിജെപിയോടും നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്ന രീതിയിലുള്ള പ്രസംഗങ്ങളും പ്രസ്താവനകളും നടത്തരുതെന്ന് താരപ്രചാരകർക്ക് നിർദേശം നൽകണമെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെപി നദ്ദയോട് കമ്മീഷൻ ആവശ്യപ്പെട്ടു. പ്രതിരോധ സേനയെ രാഷ്ട്രീയവത്കരിക്കരുതെന്ന് കോൺഗ്രസ് താരപ്രചാരകർക്ക് കമ്മീഷൻ നിർദേശം നൽകി. രാജ്യത്തിൻറെ ഭരണഘടന സംബന്ധിച്ച് തെറ്റിദ്ധാരണയുണ്ടാക്കുന്ന പ്രസ്താവനകൾ നടത്തരുതെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയോട് കമ്മീഷൻ നിർദ്ദേശിച്ചു.

**************************************

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിതീവ്ര മഴയ്ക്ക്

സാധ്യതയുള്ളതിനാൽ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം , ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച്

ജാഗ്രത നൽകിയിട്ടുണ്ട്. തെക്കൻ കേരളത്തിന് മുകളിലായി നിലനിൽക്കുന്ന ചക്രവാതച്ചുഴിക്ക് പുറമേ, ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദവും രൂപപ്പെട്ടതായി കാലാവസ്ഥാ വിഭാഗം അറിയിച്ചു. ഇനിയൊരു അറിയിപ്പുണ്ടാകും വരെ കേരളതീരത്ത് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. ലക്ഷദ്വീപ്, കർണാടക തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

കേരളതീരത്ത് നാളെ രാത്രി വരെ 3.3 മീറ്റർ വരെ

ഉയരത്തിൽ, തിരമാലയ്ക്കും, കടലാക്രമണത്തിനും

സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

**************************************

PNU TVPM

**പത്തനംതിട്ട - (ഇൻട്രോ)**

പത്തനംതിട്ട ജില്ലയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചെങ്കിലും ജില്ലയിലെ മിക്ക പ്രദേശങ്ങളിലും മഴയുടെ ശക്തി പൊതുവെ കുറഞ്ഞിട്ടുണ്ട്. നാളെ മുതൽ ജില്ലയിൽ മഴയ്ക്ക് നേരിയ ശമനമുണ്ടാകുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.. കൂടുതൽ വിവരങ്ങളുമായി ആകാശവാണി

പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്...............)

**************************************

## കൺട്രോൾ റൂം-ആരോഗ്യമന്ത്രി

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് സംസ്ഥാന തല കൺട്രോൾ റൂം ആരംഭിച്ചു. സംസ്ഥാനത്ത് മഴ കനക്കുന്നതിന്റെയും മൺസൂൺ എത്തുന്നതിന്റെയും സാഹചര്യത്തിലാണ് നടപടി. നേരത്തെ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീമിനും ആരോഗ്യ വകുപ്പ് രൂപം നൽകിയിരുന്നു. ആരോഗ്യ വകുപ്പിൻറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ജനങ്ങളുടെയും ആരോഗ്യപ്രവർത്തകരുടെയും സംശയങ്ങൾ ദൂരികരിക്കുന്നതിനുമാണ് കൺട്രോൾ റൂം പ്രവർത്തിക്കുന്നത്.

***********************************

## ആരോഗ്യമന്ത്രി ഉന്നതതലയോഗം

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ രോഗികളോട് ഇടപെടുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണ ജോർജ് . മെഡിക്കൽ കോളേജ് ആശുപത്രികളിലെ ചികിത്സ പിഴവുകൾ സംബന്ധിച്ച ആവർത്തിച്ചുള്ള പരാതികൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഡോക്ടർമാരുടെ ഭാഗത്തു നിന്ന് യാതൊരു തരത്തിലുള്ള വീഴ്ചകളും ഉണ്ടാകാൻ പാടില്ലെന്നും, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

***********************************

RNU TVPM

## വകുപ്പ് നിയമനം

സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ തലപ്പത്ത് അഴിച്ചു പണി. ബിജു പ്രഭാകർ കെ.എസ്.ഇ.ബി ചെയർമാനാകും. രാജൻ ഖോബ്രഗഡെ ആരോഗ്യ വകുപ്പിൽ തിരികെയെത്തും. എ.പി.എം മുഹമ്മദ് ഹനീഷിന് വ്യവസായ വകുപ്പിന്റെ ചുമതല നൽകി. കെ.വാസുകിയ്ക്ക് നോർക്കാ വകുപ്പിന്റെ അധിക ചുമതലയും നൽകിയിട്ടുണ്ട്.

**************************************

## ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസം ട്രോളിംഗ് നിരോധനമേർപ്പെടുത്താൻ ഫിഷറീസ് മന്ത്രി സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. ട്രോളിങ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും അനുവദിക്കുന്ന സൗജന്യ റേഷൻ വിതരണം ഊർജ്ജിതമാക്കുമെന്ന് മന്ത്രി യോഗത്തിൽ ഉറപ്പു നൽകി. അന്യസംസ്ഥാന ബോട്ടുകൾ ട്രോളിങ്ങ് നിരോധനം ആരംഭിക്കും മുൻപ് കേരളാതീരം വിട്ടുപോകണമെന്ന് നിർദ്ദേശം നൽകും. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകൾ മെയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

**************************************

## പി രാജീവ് - ഗവർണർ

തദ്ദേശ വാർഡ് പുനർവിഭജന ഓർഡിനൻസ് ഗവർണർ മടക്കി അയച്ചതിൽ, സർക്കാർ നിയമപരമായ നടപടിയുമായി മുന്നോട്ടു പോവുമെന്ന് സംസ്ഥാന നിയമ മന്ത്രി പി രാജീവ്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഓർഡിനൻസ്

RNUTVPM

പരിഗണിക്കാനാവില്ലെന്നും, തിരഞ്ഞെടുപ്പ് കമ്മീഷൻറെ അനുമതി ഇതിനായി വാങ്ങണമെന്നും ചൂണ്ടിക്കാട്ടിയാണ് ഗവർണർ ഓർഡിനൻസ് തിരിച്ചയച്ചത്.

*************************************

## ആരോഗ്യമന്ത്രി -നഴ്സിംഗ് കോളേജ്

സംസ്ഥാനത്തെ സ്വകാര്യ നഴ്സിംഗ് കോളേജുകളിലെ പ്രവേശനം സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നഴ്സിംഗ് കോളേജ് പ്രതിനിധികളുമായി ചർച്ച നടന്നു. മാനേജ്മെന്റ് ഉന്നയിച്ച GST പ്രശ്നം മുഖ്യമന്ത്രിയോടും, ധനമന്ത്രിയോടും ചർച്ച ചെയ്യാമെന്ന് ആരോഗ്യമന്ത്രി ഉറപ്പു നൽകി. ഏകജാലക സംവിധാനവുമായി സഹകരിക്കാൻ തയ്യാറാണെന്ന് മാനേജ്മെന്റ് പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു.

*************************************

## കൃഷിനാശം

വേനൽ മഴയിൽ തിരുവനന്തപുരം ജില്ലയിൽ 11 കോടിയുടെ കൃഷിനാശം. ഏപ്രിൽ 30 മുതൽ മെയ് 21 വരെയുള്ള കണക്കനുരിച്ച് 1789 കർഷകർക്കാണ് ജില്ലയിൽ ശക്തമായ മഴ മൂലം കൃഷിനാശം സംഭവിച്ചത്. 605.94 ഹെക്ടർ കൃഷിഭൂമിയിൽ മഴ നാശം വിതച്ചു.

*************************************

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നത്തെ

RNU TVPM

മത്സരത്തിലെ വിജയികളാകും, വെള്ളിയാഴ്ച നടക്കുന്ന രണ്ടാം ക്വാളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടുക.

*************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

ബോംബെ ഓഹരി സൂചിക സെൻസെക്സ് 268 പോയിൻറ് ഉയർന്ന് 74,221- ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 69 പോയിന്റ് ഉയർന്ന് 22,598- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് 54,640 രൂപയും ഗ്രാമിന് 6,830 രൂപയുമാണ് ഇന്നത്തെ വില.

*************************************

**മൃതദേഹം കണ്ടെത്തി - പത്തനംതിട്ട**

പത്തനംതിട്ട വെണ്ണിക്കുളം മണിയമലയാറിൽ ഒഴുക്കിൽപ്പെട്ട് കാണാതായ ബിഹാർ സ്വദേശിയുടെ മൃതദേഹം കണ്ടെത്തി. തിങ്കളാഴ്ച ഉച്ചയോടെയാണ് കോമളം കടവ് പാലത്തിന് സമീപം ബിഹാർ സ്വദേശി നരേഷ് ഒഴുക്കിൽപ്പെട്ടത്. നീണ്ട തിരച്ചിലിനൊടുവിലാണ് ഇന്ന് മൃതദേഹം കണ്ടെത്തിയത്.

RNU TVPM

*************************************

**സർവമംഗള തമ്പുരാട്ടി അന്തരിച്ചു**

പന്തളം കൊട്ടാരം കുടുംബാംഗം തോന്നല്ലൂർ ഏഴപ്പള്ളിൽ മഠത്തിൽ സർവമംഗള തമ്പുരാട്ടി അന്തരിച്ചു.

88 വയസായിരുന്നു. സംസ്കാരം നാളെ രാവിലെ 10-ന് വീട്ടുവളപ്പിൽ നടക്കും. ഇതേതുടർന്ന് പന്തളം വലിയകോയിക്കൽ ക്ഷേത്രം ജൂൺ ഒന്നുവരെ അടച്ചിട്ടു.

*************************************

**<u>കാട്ടാന - കണക്കെടുപ്പ്</u>**

സംസ്ഥാനത്തെ നാല് ആനസങ്കേതങ്ങളിൽ നാളെ കാട്ടാനകളുടെ കണക്കെടുപ്പ് തുടങ്ങും. ആനമുടി, നിലമ്പൂർ, പെരിയാർ, വയനാട് തുടങ്ങിയവിടങ്ങളിലാണ് നാളെ മുതൽ മൂന്നു ദിവസം കണക്കെടുപ്പ് നടക്കുക. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനപരിധിയിലെ വനങ്ങളിലും ആനകളുടെ കണക്കെടുക്കുന്നുണ്ട്. ജൂൺ 23 ന് കരട് റിപ്പോർട്ടും ജൂലൈ ഒൻപതിന് അന്തിമ റിപ്പോർട്ടും സമർപ്പിക്കും.

************************************

**<u>പുലി ചത്തു - പാലക്കാട്</u>**

പാലക്കാട് മയക്കുവെടി വച്ച് പിടികൂടിയ പുലി ചത്തു. കൊല്ലങ്കോട് വാഴപ്പുഴയിൽ കമ്പിവേലിയിൽ കുടുങ്ങിയ പുലിയെയാണ് മയക്കുവെടി വച്ച് പിടികൂടിയത്. ആന്തരിക രക്തസ്രാവമാകാം മരണകാരണമെന്നാണ് പ്രാഥമിക നിഗമനം.

************************************

**<u>കേരള തീരസംരക്ഷണസേന</u>**

തൃശൂർ ചാവക്കാട് മത്സ്യബന്ധനബോട്ടിന്റെ എഞ്ചിൻ കമ്പാർട്ടുമെന്റിൽ വെള്ളം കയറിയതിനെത്തുടർന്ന് 13 മത്സ്യത്തൊഴിലാളികളെ തീരസംരക്ഷണസേന രക്ഷപ്പെടുത്തി. ചാവക്കാട് തീരത്ത് നിന്നും 31 നോട്ടിക്കൽ മൈൽ അകലെ വച്ചാണ് സംഭവം. ബോട്ട് പിന്നീട് തീരസംരക്ഷണസേന മുനമ്പം ഫിഷിംഗ് ഹാർബറിൽ എത്തിച്ചു.

************************************

**<u>അദ്ധ്യാപകർക്ക് എ.ഐ പരിശീലനം</u>**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈറ്റിന്റെയും നേതൃത്വത്തിൽ നടത്തിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പരിശീലനം 13,000 ഹൈസ്കൂൾ, ഹയർസെക്കൻഡറി അധ്യാപകർ പൂർത്തിയാക്കി.

RNUTVPM

അടുത്ത ബാച്ചുകൾക്കുള്ള ത്രിദിന പരിശീലനപരിപാടി സംസ്ഥാനത്ത് 140 കേന്ദ്രങ്ങളിൽ നാളെയും ഈ മാസം 27-നും നടക്കും.

**************************************

**<u>ധാരണാപത്രം - കോട്ടയം</u>**

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷനും, പാലായിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും സഹകരിച്ച് പ്രവർത്തിക്കാൻ ധാരണ. ഇത് സംബന്ധിച്ച ധാരണാപത്രം വെള്ളിയാഴ്ച ഐ ഐ എം സിയുടെ കോട്ടയം ക്യാമ്പസിൽ ഒപ്പുവയ്ക്കും.

RNU TVPM

**************************************

************************************

********************